REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-03-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഒരു ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് തിരുവനന്തപുരത്ത് എത്തും.**
- **തൃശൂർ പൂരത്തിന് മുമ്പ് സുരക്ഷാ കർമ്മ പരിപാടി തയ്യാറാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **റംസാൻ വ്രതാനുഷ്ഠാനം തുടങ്ങി. വിശ്വാസികൾക്ക് ഇനി വ്രതവിശുദ്ധിയുടെ നാളുകൾ.**
- **വിഴിഞ്ഞം പദ്ധതിയിൽ ജീവനോപാധി നഷ്ടപെട്ട മത്സ്യതൊഴിലാളികൾക്ക് ഒമ്പത് കോടി 57 ലക്ഷം രൂപ അനുവദിച്ചു.**
- **ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഒരു ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് തിരുവനന്തപുരത്ത് എത്തും. ഉച്ചയ്ക്ക് 12ന് ഉദയ്പാലസ് കൺവെൻഷൻ സെന്ററിൽ അദ്ദേഹം നാലാമത് P പരമേശ്വരൻ സ്മാരക പ്രഭാഷണം നടത്തും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ പങ്കെടുക്കും. ഭാരതീയ വിചാരകേന്ദ്രമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ വൈകിട്ട് ജാംനഗറിലെത്തി. ഇന്നും നാളെയും ഗുജറാത്തിലെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഇന്ന് ഗിർ നാഷണൽ പാർക്കിലെത്തുന്ന പ്രധാനമന്ത്രി മൃഗസംരക്ഷണ പുനരധിവാസ കേന്ദ്രമായ വന്താരയും സന്ദർശിക്കും.

✪✪✪

തൃശൂർ പൂരത്തിന്റെ മുന്നൊരുക്കങ്ങൾ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. പൂരത്തിന് മുമ്പ് സുരക്ഷാ കർമ്മ പരിപാടി രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ആചാരപരമായ കാര്യങ്ങൾക്ക് കോട്ടം തട്ടാതെയും സുരക്ഷയിൽ വിട്ടുവീഴ്ചയില്ലാതെയും പൂരം സംഘടിപ്പിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. പൂരം പ്രദർശനത്തിന് വടക്കുംനാഥ ക്ഷേത്ര മൈതാനം നൽകുമ്പോൾ ഈടാക്കുന്ന തറവാടക സംബന്ധിച്ച തർക്കം രമ്യമായി പരിഹരിക്കാൻ കൊച്ചിൻ ദേവസ്വം ബോർഡിന് അദ്ദേഹം നിർദേശം നൽകി. ആനകളുടേയും വെടിക്കെട്ടിന്റേയും മാലിന്യ സംസ്കരണത്തിന്റേയും നിബന്ധനകൾ പാലിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ഇസ്ലാംമത വിശ്വാസികൾക്ക് ഇനി വ്രതവിശുദ്ധിയുടെ നാളുകൾ. ഇന്നലെ റംസാൻ മാസപ്പിറവി കണ്ടു. ഇന്ന് മുതൽ മുപ്പത് ദിവസം വിശ്വാസികൾ ആത്മസംസ്കരണത്തിനായി വ്രതം അനുഷ്ടിക്കും.

ഡെസ്ക് റിപ്പോർട്ട്.

.......വോയ്സ്.....

അല്ലാഹുവിന്റെ പ്രീതിക്കായി ഭക്ഷണം ത്യജിക്കുകയും എല്ലാ ലൗകിക സുഖങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന നന്മയുടെ വിശുദ്ധ കാലം കൂടിയാണ് റംസാൻ. പകൽ നോമ്പെടുത്തും ദാനധർമ്മങ്ങൾ നടത്തിയും ആരാധനാകാര്യങ്ങളിൽ മുഴുകി മനസ് ഏകാഗ്രമാക്കിയുമാണ് ഇസ്ലാം മതവിശ്വാസികൾ റംസാൻ മാസം സജീവമാക്കുന്നത്. ഹിജ്റ വർഷ പ്രകാരം ഒൻപതാം മാസമായ റമദാൻ ഇസ്ലാം മതവിശ്വാസികൾ ഏറെ പവിത്രമായാണ് കാണുന്നത്. പരിശുദ്ധ ഖുർആൻ അവതരിച്ച മാസമാണ് റമദാൻ എന്നാണ് വിശ്വാസം. രാത്രിയിലെ പ്രത്യേക പ്രാർത്ഥനയായ തറാവീഹ് നമസ്കാരവും നോമ്പ് തുറകളുമൊക്കെയായി വിശ്വാസികൾ ഇനിയുള്ള 30 ദിവസങ്ങളിലും ഒത്ത് ചേരും.

✪✪✪

ആരോഗ്യം ആനന്ദം - അകറ്റാം അർബുദം - ക്യാമ്പയിനിൽ കഴിഞ്ഞ 25 ദിവസങ്ങളിൽ അഞ്ച് ലക്ഷത്തോളം പേരെ ക്യാൻസർ സ്ക്രീനിംഗിന് വിധേയമാക്കിയതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. 85 പേരിൽ ക്യാൻസർ സ്ഥിരീകരിച്ചു. 26,041 പേരെ തുടർ പരിശോധനകൾക്ക് റഫർ ചെയ്തു. ക്യാമ്പയിനിന്റെ ആദ്യഘട്ടത്തിൽ സ്ത്രീകൾക്ക് വേണ്ടിയാണ് സ്ക്രീനിംഗ് നടത്തുന്നത്.

✪✪✪

കൗമാരപ്രായക്കാർക്കിടയിൽ ഭീതിജനകമായ പ്രവർത്തനങ്ങൾ വർധിച്ചുവരികയാണെന്നും മനശാസ്ത്രപരവും ഫലപ്രദവുമായ മാർഗങ്ങളിലൂടെ അതിന് പരിഹാരം കാണേണ്ടതുണ്ടെന്നും മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. മനശ്ശാസ്ത്രപരമായ പരിശോധനയിലൂടെയും ബോധവൽക്കരണങ്ങളിലൂടെയും ഇത്തരം പ്രവണതകൾക്ക് പ്രതിരോധം തീർക്കണം. വടകര ജില്ലാ പോലീസ് പരിശീലന കേന്ദ്രത്തിന്റെ ശിലാഫലകം അനാച്ഛാദനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി കേന്ദ്രം ഓൺലൈനിൽ ഉദ്ഘാടനം ചെയ്തിരുന്നു.

വടകര പുതുപ്പണത്ത് SP ഓഫീസിന് സമീപം ഒരു കോടി 60ലക്ഷം രൂപ ചെലവിലാണ് ജില്ലാ പോലീസ് ട്രെയിനിങ് സെന്റർ നിർമ്മിച്ചത്.

✪✪✪

സംസ്ഥാന പൊലീസിന്റെ സേവനങ്ങൾ സംബന്ധിച്ച പരാതി പരിഹാര സംവിധാനം നിലവിൽ വന്നു. കേരള പൊലീസ് ഓൺലൈൻ പോർട്ടലായ 'തുണ' യിലൂടെയോ 'പോൽ' ആപ്പിലൂടെയോ അപേക്ഷയോ പരാതിയോ നൽകിയവർക്ക് സേവനം വിലയിരുത്താനും പരാതിപ്പെടാനും ഇതിലൂടെ അവസരം ലഭിക്കും.

✪✪✪

വിഴിഞ്ഞം പദ്ധതിയിൽ ജീവനോപാധി നഷ്ടപെട്ട മത്സ്യതൊഴിലാളികൾക്ക് ഒമ്പത് കോടി 57 ലക്ഷം രൂപ അനുവദിച്ചു. ഇതുവരെ നഷ്ടപരിഹാരം ലഭിക്കാതിരുന്നവർക്കാണ് നഷ്ടപരിഹാരത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി തുക അനുവദിച്ചത്.

ചെറു വള്ളങ്ങളിൽ മീൻ പിടിച്ചിരുന്ന തൊഴിലാളികൾക്ക് നാല് ലക്ഷത്തി 20,000 രൂപ വീതം ലഭിക്കും.

പദ്ധതിക്കായി വിട്ടുവീഴ്ച ചെയ്യേണ്ടിവന്ന പ്രദേശവാസികളെയും മത്സ്യത്തൊഴിലാളികളെയും ചേർത്തുപിടിക്കുന്ന നിലപാടാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്......

ഇന്ത്യയും ന്യൂസിലൻഡും ഇതിനകം തന്നെ സെമി ഫൈനൽ യോഗ്യത നേടിയിട്ടുണ്ട്. ഇന്നത്തെ മത്സരഫലം യോഗ്യതയെ ബാധിക്കില്ലെങ്കിലും ഗ്രൂപ്പ് A യിൽ ഒന്നാമതെത്തുന്ന ടീമുകൾ ഏതാണ് എന്ന് തീരുമാനമാകും. വിജയികൾ സെമിയിൽ മറ്റന്നാൾ ഓസ്ട്രേലിയയെയും, തോൽക്കുന്ന ടീം ബുധനാഴ്ച ദക്ഷിണാഫ്രിക്കയെയും നേരിടും.

ഇന്ത്യക്കായി സ്റ്റാർ ബാറ്റർ വിരാട് കോഹ്‌ലി ഇന്ന് 300-ാം ഏകദിനം കളിക്കുകയെന്ന പ്രത്യേകതയും മത്സരത്തിനുണ്ട്.

ഇന്നലെ ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ടിനെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു. ഇംഗ്ലണ്ട് ഉയർത്തിയ 180 റൺസ് വിജയലക്ഷ്യം 29.1ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ദക്ഷിണാഫ്രിക്ക മറികടന്നു.ഇതോടെ ദക്ഷിണാഫ്രിക്ക ചാമ്പ്യൻസ് ട്രോഫിയുടെ സെമിഫൈനലിൽ പ്രവേശിച്ചു. അതേസമയം മൂന്ന് മത്സരങ്ങളിലും പരാജയപ്പെട്ട ഇംഗ്ലണ്ട് ടൂർണമെന്റിൽ നിന്നും പുറത്തായി.

✪✪✪

വനിതാ പ്രീമിയർ ലീഗ് ട്വന്റി -20 ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് ഒമ്പത് വിക്കറ്റിന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ തോൽപ്പിച്ചു. ബെംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഇതോടെ ഡൽഹി പ്ലേ ഓഫിൽ ഇടംനേടി.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിന്റെ രണ്ടാം ഇന്നിങ്സിൽ കേരളത്തിനെതിരേ വിദർഭ മികച്ച ലീഡിലേക്ക്. നാഗ്പൂരിൽ നാലാം ദിവസത്തെ മത്സരം അവസാനിച്ചപ്പോൾ വിദർഭ നാലു വിക്കറ്റ് നഷ്ടത്തിൽ 249 റൺസെന്ന നിലയിലാണ്.

✪✪✪

കൊച്ചിയിൽ ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂർ FC മത്സരം ഇരു ടീമുകളും ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു. പരാജയത്തോടെ ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് സാധ്യത അവസാനിച്ചു.

മുംബെയിൽ മോഹൻ ബഗാൻ മുംബെ സിറ്റി FC മത്സരവും ഇരും ടീമുകളും രണ്ട് ഗോൾ നേടി സമനിലയിൽ പിരിഞ്ഞു.

ഇന്ന് ഈസ്റ്റ് ബംഗാൾ ബംഗളൂരു FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിലെ കാട്ടാനകളെ തുരത്തുന്നതിന്റെ ഭാഗമായി ഇന്ന് കാട് വെട്ടൽ മഹായജ്ഞം സംഘടിപ്പിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ

.....വോയ്സ്....

ആനകളെ തുരത്തുന്നത് എളുപ്പമാക്കാനും തുരത്തുന്ന ആനകൾ വീണ്ടും ഫാമിലേക്ക് തിരിച്ചുവരുന്നത് തടയാനുമാണ് കാട് വെട്ടുന്നത്,.

ഇന്ന് രാവിലെ 8 മണിയോടെ പതിമൂന്നാം ബ്ലോക്കിലാണ് കാടു വെട്ടൽ ആരംഭിക്കുക. ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ആറളം പുനരധിവാസ മേഖലയിലെ വന്യ മൃഗ ശല്യവുമായി ബന്ധപ്പെട്ട് പ്രാദേശികമായി രൂപീകരിച്ച കമ്മിറ്റി യോഗംചേർന്നാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. ജനങ്ങളുടെയും ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും, യുവജന സംഘടനകളുടെയും തൊഴിലുറപ്പു തൊഴിലാളികളുടെയും പുനരധിവാസമേഖലയിലെ ആദിവാസികളുടെയും, ഫാമിലെ തൊഴിലാളികളുടെയും ഉൾപ്പെടെ എല്ലാവരുടെയും സഹകരണം യോഗം അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനിടെ ആനകളെ തുരത്തുന്ന യജ്ഞം നടക്കുന്നതിനാൽ വീടുകളിൽ നിന്നും പുറത്തിറങ്ങുന്നതും റോഡിൽ ഇറങ്ങി നടക്കുന്നതും മറ്റും ഏറെ ശ്രദ്ധയോടെ വേണമെന്നും യോഗം അഭ്യർത്ഥിച്ചു. സണ്ണിജോസഫ് എം എൽ എ യുടെ അധ്യക്ഷതയിൽ ഇരിട്ടിയിലാണ് യോഗം ചേർന്നത്.

✪✪✪

കണ്ണൂർ ചിറക്കൽ കേരള ഫോക് ലോർ അക്കാദമിയിലെ PK കാളൻ ആർട്ട് ഗ്യാലറിയിൽ ഒരുക്കിയ തെയ്യം ഗ്യാലറി രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. നാലരപ്പതിറ്റാണ്ട് ഇടവേളയ്ക്കു ശേഷം ചിറക്കൽ

കോവിലകത്ത് അരങ്ങേറിയ പെരുങ്കളിയാട്ടത്തിന്റെ ദൃശ്യാനുഭവം പങ്കു വെക്കുന്നതാണ് തെയ്യം ഗ്യാലറി.

നൂറ് തെയ്യക്കാവുകളിലേക്ക് സമർപ്പിക്കുന്ന 5,000 കമുകിൻ തൈകളുടെ വിതരണം ചടങ്ങിൽ KV സുമേഷ് MLA ഉദ്ഘാടനം ചെയ്യും.

✪✪✪

സ്വകാര്യ സർവ്വകലാശാലകൾ വരണമെന്നു തന്നെയാണ് അഭിപ്രായമെന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻ വൈസ് ചെയർമാനും നയതന്ത്രജ്ഞനുമായ ഡോ. TP. ശ്രീനിവാസൻ പറഞ്ഞു. കോഴിക്കോട്ടെ മഹാത്മാഗാന്ധി കോളജ് ഓഫ് മാസ് കമ്മ്യൂണിക്കേഷനിൽ സംഘടിപ്പിച്ച വിദ്യാഭ്യാസ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വകാര്യ സർവ്വകലാശാലകളെ എതിർക്കുകയും വിവാദമുയർത്തുകയും ചെയ്തവരാണ് ഇപ്പോൾ സ്വകാര്യ സർവ്വകലാശാലകൾ വേണമെന്ന ആവശ്യമുന്നയിക്കുന്നതെന്ന് ശ്രീനിവാസൻ പറഞ്ഞു. മുമ്പ് ഈ പ്രശ്നത്തിൽ കൈയേറ്റം വരെ നേരിടേണ്ടി വന്ന വ്യക്തിയാണ് താനെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

UGC നിയമ ഭേദഗതി കരട് രേഖ സംബന്ധിച്ച ചർച്ചയിൽ കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. KK. സാജു, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ. P രവീന്ദ്രൻ എന്നിവർ പ്രഭാഷണം നടത്തി.

✪✪✪

പത്തനംതിട്ടയിൽ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച മിഡ്നൈറ്റ് മാരത്തൺ പത്തനംതിട്ടക്കാർക്ക് പുത്തൻ അനുഭവമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

......വോയ്സ്.........

രാത്രിയെത്തുന്നതോടെ തിരക്കൊഴിയുന്ന നഗരമെന്ന പത്തനംതിട്ടയുടെ പതിവു ശൈലിമാറ്റാൻ ജില്ലാ ഭരണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന

നൈറ്റ്ലൈഫ് പദ്ധതിയുടെ മുന്നോടിയായ മിഡ്നൈറ്റ് മാരതണിൽ വലിയ ജനപിന്തുണയാണ് ലഭിച്ചത്. രാത്രി 10.30ന് ടൗൺ സ്ക്വയറിൽ നിന്നാരംഭിച്ച മാരത്തണിൽ വിജയികളായ ആദ്യ ടീം 16 മിനിട്ടിൽ സെന്റ് പീറ്റേഴ്സ് ജംക്ഷൻ, താഴെവെട്ടിപ്രം വഴി അഞ്ചര കിലോമീറ്റർ ദൂരം പിന്നിട്ട് തിരികെ ടൗൺ സ്ക്വയറിലെത്തി.വിദ്യാർഥികൾ, യൂണിഫോ സർവീസ്, പുരുഷൻ, സ്ത്രീ,

മിക്സഡ്, മുതിർന്നപൗരൻമാർ എന്നിങ്ങനെ പല വിഭാഗങ്ങളായി തിരിച്ച് നാലുപേർ വീതമുള്ള ഓരോ സംഘങ്ങളായി തിരിച്ചാണ് മാരത്തണിൽ പങ്കെടുത്തത്. മാരത്തണുമായി ബന്ധപ്പെട്ട് നഗരത്തിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിരുന്നു.

✪✪✪

തിരൂരിൽ തുഞ്ചൻ ഉത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'MTകാലം:ഇന്ത്യൻ ആഖ്യാനകലയിലെ വികാസപരിണാമങ്ങൾ' ദേശീയ സെമിനാർ എഴുത്തുകാരൻ NS മാധവൻ ഉദ്ഘാടനം ചെയ്തു.

"എം ടി വാസുദേവൻ നായരുടെ കാലഘട്ടത്തിൽ രൂപംകൊണ്ട ആഖ്യാന സവിശേഷതകൾ സെമിനാർ ചർച്ചചെയ്തു. തുഞ്ചൻ ഉത്സവത്തിന്റെ മൂന്നാം ദിവസം കേന്ദ്രസാഹിത്യ അക്കാദമിയും തുഞ്ചൻ സ്മാരക ട്രസ്റ്റും ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്.

✪✪✪

ഒമ്പത് തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജന പരാതികളിൽ ഡീലിമിറ്റേഷൻ കമ്മീഷന്റെ ഹിയറിംഗ് ഈ മാസം 17ലേക്ക് മാറ്റി. മാർച്ച് ഏഴിന് തിരുവനന്തപുരത്ത് നടത്താനിരുന്ന ഹിയറിംഗ് ആണ് കോഴിക്കോട്ടേക്ക് മാറ്റിയത്. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർകോട് ജില്ലകളിലെ പരാതികളാണ് ഹിയറിംഗിൽ പരിഗണിക്കുന്നത്.

✪✪✪

കാസർകോട് ജില്ലയിലെ ഇലക്ഷൻ ഗ്രാമസഭ 2.0 ഇന്ന് ചേരും. കാസർകോട് മായിപ്പാടിയിൽ ജില്ലാ കളക്ടർ K ഇമ്പശേഖർ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: രജ്ന കെ ആസാദ്*
*DEO: സുബോധ് സി കെ*